# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1101 04/12/2014-ലെ മറുപടിക്ക്

### പുതിയ പ്ലസ് ടു സ്കൂളുകളിലെ അധ്യാപകർ

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൽ ഖാദർ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ മന്ത്രി) |
|---|---|
| (എ) 2014 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് പുതുതായി പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് ആകെ എത്ര അധ്യാപകർ വേണ്ടി വന്നിട്ടുണ്ട്; സർക്കാർ സ്കൂളുകളിലെത്ര; എയ്ഡഡ് സ്കൂളുകളിലെത്ര; | (എ) പുതുതായി അനുവദിച്ച സ്കൂളുകളിലെ / അധിക ബാച്ചുകളിലെ ആവശ്യമായ തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. |
| (ബി) ഇതു മൂലം പുതുതായി വന്ന അധ്യാപകരുടെ ഒഴിവുകൾ ഏതെല്ലാം രീതികളിലാണ് നികത്തുകയുണ്ടായിട്ടുള്ളത്; വിശദമാക്കാമോ; | (ബി) പുതുതായി അനുവദിച്ച ഹയർസെക്കന്ററി സ്കൂളുകളിൽ / അധിക ബാച്ചുകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. |
| (സി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഗസ്റ്റ് അധ്യാപകരായി എത്രപേരെ വീതം നിയോഗിക്കുകയുണ്ടായിട്ടുണ്ട്; | (സി) ഉത്തരം (എ)യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) എയ്ഡഡ് മേഖലയിൽ ഗസ്റ്റ് അധ്യാപകർമാരായി നിയമിക്കപ്പെടുന്നവരെ പിന്നീട് സ്ഥിരപ്പെടുത്താമെന്ന് എയ്ഡഡ് മാനേജ്മെന്റുകൾക്ക് സർക്കാർ വാഗ്ദാനം നല്കുകയുണ്ടായിട്ടുണ്ടോ? | (ഡി) ഇല്ല. |

Udayakumar

സെക്ഷൻ ഓഫീസർ